"ഭരണഭാഷ -മാതൃഭാഷ"

എസ്.ഡബ്ളിയു.4 - 4701/17

ജില്ലാ സാമൂഹ്യനീതി ആഫീസ്
സിവിൽസ്റ്റേഷൻ, താഴത്തെനില
കാക്കനാട്, എറണാകുളം -30
dsjoekm@gmail.com
Phone: 0484 2425377
തീയതി: 01.11.2017

ജില്ലാ സാമൂഹ്യ ആഫീസർ,
എറണാകുളം.

ടി.എം. രാധാകൃഷ്ണൻ,
പടിഞ്ഞാറെതട്ടാൻപറമ്പിൽ
പൂത്തോട്ട പി.ഒ, ഉദയംപേരൂർ,
എറണാകുളം, പിൻ:682307

സർ,

വിഷയം: ജില്ലാ സാമൂഹ്യനീതി ഓഫീസ് - എറണാകുളം - വിവരാവകാശ നിയമപ്രകാരമുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന : വിവരാവകാശ നിയമപ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷ

വിവരാവകാശ നിയമപ്രകാരം ഈ കാര്യാലയത്തിൽ താങ്കൾ സമർപ്പിച്ച ചോദ്യങ്ങൾക്കുള്ള മറുപടി താഴെച്ചേർക്കുന്നു.

(1) ഏകീകൃത തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതിനായി തൊട്ടടുത്ത അങ്കണവാടിയിൽ ലഭ്യമായിട്ടുള്ള അപേക്ഷ ഫോറം പൂരിപ്പിച്ച് നൽകിയാൽ മതിയാവുന്നതാണ്. അങ്കണവാടിയിൽ നിർദ്ദിഷ്ട അപേക്ഷ ഫോറം ലഭ്യമല്ലായെങ്കിൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ വെബ്സൈറ്റായ www.socialsecuritymission.gov.in -ൽ നിന്നും അപേക്ഷ ഫോമും നിർദ്ദേശങ്ങളും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

(2) മുച്ചക്രവാഹനം ഈ കാര്യാലയത്തിൽ നിന്നും വിതരണം ചെയ്യുന്നത് എറണാകുളം ജില്ലാ പഞ്ചായത്തിന്റെ പ്രൊജക്ട് വഴിയും MPLAD സ്കീം വഴിയുമാണ്. മുച്ചക്രവാഹനം ലഭിക്കുന്നതിനായി ജില്ലാ പഞ്ചായത്തിനേയോ താങ്കളുടെ എം.പി. യേയോ സമീപിക്കാവുന്നതാണ്.

(3) വികലാംഗർക്കും സ്ത്രീകൾക്കും വേണ്ടി സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ www.swd.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. ആയതിന്റെ പ്രിന്റ് വേണമെന്നുണ്ടെങ്കിൽ 94 രൂപ ട്രഷറിയിൽ അടച്ച് അസൽ ചലാൻ ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

Desp on 04.11.17

(4) വീടും സ്ഥലവും ഇല്ലാത്തവർക്ക് ലഭിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അറിയുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സമീപിക്കാവുന്നതാണ്.

(5) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സമീപിക്കാവുന്നതാണ്.

(6) 60 വയസ്സായ വ്യക്തിക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്. ഭിന്നശേഷിയുള്ള വ്യക്തികൾക്ക് ബന്ധപ്പെട്ട പഞ്ചായത്ത് മുഖേന വികലാംഗ പെൻഷൻ നൽകിവരുന്നു. മേൽപ്പറഞ്ഞ രണ്ട് ആനുകൂല്യങ്ങളും ലഭിക്കുന്നതിന് താങ്കൾ സ്ഥിരതാമസമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അപേക്ഷ നൽകാവുന്നതാണ്.

മേൽസൂചിത ഉത്തരങ്ങൾ താങ്കൾക്ക് തൃപ്തികരമല്ലായെങ്കിൽ 'റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, എറണാകുളം, താഴത്തെ നില, സിവിൽ സ്റ്റേഷൻ, കാക്കനാട്" എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ നൽകാവുന്നതാണ്

വിശ്വസ്തതയോടെ

DISTRICT SOCIAL JUSTICE OFFICER
ERNAKULAM